**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 248** **07-02-2018 ൽ മറുപടിക്ക്**

**ഭൂപതിവ് ചട്ടത്തിലെ ഭേദഗതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടയ ഭൂമി ഉടമയ്ക്ക് വീട് വയ്ക്കുവാനും കൃഷി ചെയ്യുവാനുമല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്ന ഭേദഗതി ഭൂപതിവ് (ലാൻഡ് അസൈൻമെന്റ്) ചട്ടത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) പട്ടയ ഭൂമി ഉടമയ്ക്ക് വീട്ട വയ്ക്കുന്നതിനും കൃഷി ആവശ്യത്തിനുമല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ള കേസുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നം.17724/A2/2017/RD എന്ന ഫയലിൽ പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) പരിസ്ഥിതി പ്രാധാന്യമുള്ളതും മലയോരപ്രദേശത്തുള്ളതുമായ പട്ടയ ഭൂമി ഖനനങ്ങൾക്കും മറ്റും ഉപയോഗിച്ച് ദുരുപയോഗപ്പെടുത്തു കയില്ലായെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഈ ഇളവ് നൽകുമ്പോൾ ഉൾക്കൊള്ളിക്കുമോ എന്നറിയിക്കാമോ? | (ബി) പരിസ്ഥിതി പ്രാധാന്യമുള്ളതും മലയോര പ്രദേശത്തുള്ളതുമായ പട്ടയ ഭൂമി ഖനനങ്ങൾക്കും മറ്റും ഉപയോഗിച്ച് ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നത് ഇപ്പോൾ ജില്ലാ കളക്ടർ മുഖാന്തിരം ഉറപ്പ വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**